**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ 5533

18.11.2019 ൽ മറുപടിയ്ക്ക്

# അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾ

**ചോദ്യം**

ശ്രീ.പാറക്കൽ അബ്ദുല്ല

**ഉത്തരം**

പിണറായി വിജയൻ

(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംയോജിത ശിശുവികസന പദ്ധതി (ഐ.സി.ഡി.എസ്) പ്രകാരം അങ്കണവാടികൾ വഴി വിതരണം ചെയ്യേണ്ട ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതിലും, വിതരണം ചെയ്യുന്നതിലും വെട്ടിപ്പ് നടത്തുന്നതായി വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംയോജിത ശിശുവികസന പദ്ധതി (ഐ.സി.ഡി.എസ്)പ്രകാരം അങ്കണവാടികൾ വഴി വിതരണം ചെയ്യേണ്ട ഭക്ഷ്യവസ്തുക്കൾ വാങ്ങലിലും വിതരണത്തിലും അഴിമതി നടക്കുന്നു എന്നതുമായി ബന്ധപ്പെട്ട് 04.10.2019 ന് സംസ്ഥാന വ്യാപകമായി "ഓപ്പറേഷൻ വെൽഫെയർ" എന്ന പേരിൽ നടത്തിയ മിന്നൽ പരിശോധനകളിൽ ചില അങ്കണവാടികളിൽ ക്രമക്കേടുകൾ നടന്നിട്ടു-ള്ളതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ വർഷങ്ങളായി ആരും തന്നെ പരിശോധിക്കാത്ത സാഹചര്യം വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | അങ്കണവാടികൾ വഴി വിതരണം ചെയ്യേണ്ട ഭക്ഷ്യവസ്തുക്കളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ ചില അങ്കണവാടികളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ യഥാസമയം പരിശോധിക്കുന്നില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. ഐ.സി.ഡി.എസ്. ന്റെ കൈവശം സൂക്ഷി-ക്കുന്ന രജിസ്റ്ററുകളും അങ്കണവാടികളിലുള്ള രജിസ്റ്ററുകളും ശരിയായ രീതിയിൽ അപ്ഡേറ്റ് ചെയ്യുന്നില്ല എന്നും കണ്ടെത്തിയിട്ടുണ്ട്. |
| (സി) | അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റി യോഗം ചേർന്നതായി വ്യാജരേഖയുണ്ടാക്കിയ കാര്യം വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; അറി-യിക്കാമോ; | (സി) | ഇല്ല. |
| (ഡി) | എങ്കിൽ പരിശോധനയുടെ അടിസ്ഥാനത്തിൽ വിജിലൻസ് കൈക്കൊണ്ട നടപടികൾ എന്തെല്ലാം; വിശദാംശം നൽകാമോ ? | (ഡി) | മിന്നൽ പരിശോധന റിപ്പോർട്ടുകൾ ബ്യൂറോയുടെ യൂണിറ്റ് ഓഫീസുകളിൽ തയ്യാറായി വരുന്നുണ്ട്. ആയത് ലഭിച്ച് സൂക്ഷ്മപരിശോധന നടത്തിയാൽ മാത്രമെ കൃത്യമായ ക്രമക്കേടുകളും അഴിമതികളും കണ്ടെത്താൻ സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ